# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2718 09/03/2017-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ സ്കീം അനുസരിച്ച് പട്ടിക വർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭ്യമാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന്, വകുപ്പിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇതിന്റെ പ്രവർത്തന രീതി എങ്ങിനെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് തന്നെ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>1. കോളനിയിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു.<br><br>2. പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴിയാണ് നല്കിവരുന്നത്.<br><br>3. പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡവലപ്പ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാന തലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br><br>4. സർക്കാർ ഉത്തരവ് (സാധാ) നം.1013/2012/പജപവവിവ തീയതി 17/07/2012 പ്രകാരം പട്ടികവർഗ്ഗവികസനവകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീകനേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |
| **(ബി)** | നാളിതുവരെ ഏതെങ്കിലും സ്കീമിൽ പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച ആനുകൂല്യം മറ്റ് വിഭാഗക്കാർ കയ്യടക്കിയതായോ നേടിയെടുത്ത തായോ വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | **(ബി)** | പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ മറ്റ് വിഭാഗക്കാർ കയ്യടക്കിയതായിട്ടുള്ളതായോ നേടിയെടുത്തതായോ വകുപ്പിന് വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ